പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2165 — 10-10-2011-ൽ മറുപടിയ്ക്ക്

## മേജർ ഇറിഗേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ

ചോദ്യം : ശ്രീ.ചിറ്റയം ഗോപകുമാർ

ഉത്തരം: പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ അടൂർ നിയോജകമണ്ഡല പരിധിക്കുള്ളിൽ മേജർ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ വർക്കുകൾ ഏതൊക്കെയെന്ന് വിശദാംശം നൽകുമോ; | (എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ അടൂർ നിയോജകമണ്ഡല പരിധിക്കുള്ളിൽ മേജർ ഇറിഗേഷൻ വകുപ്പ് പണികൾ ഒന്നും തന്നെ ഏറ്റെടുത്ത് നടത്തിയിട്ടില്ല. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതും പുതിയതായി നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഏതൊക്കെ ആണെന്ന് വ്യക്തമാക്കാമോ? | (ബി) ഈ സർക്കാർ ആധികാരമേറ്റ ശേഷം മേജർ ഇറിഗേഷൻ വകുപ്പ് ചുവടെ പറയുന്ന പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br>തുമ്പമൺ പഞ്ചായത്തിൽ കാട്ടൂർകടവിന് താഴ്ഭാഗത്ത് അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം - 7 ലക്ഷം<br>കൂടാതെ ഈ സർക്കാർ അധികാരമേറ്റ ശേഷം ഇറിഗേഷൻ ഡിവിഷൻ കൊല്ലത്തിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവർത്തികൾ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><u>പ്രളയ നിയന്ത്രണം:-</u> കല്ലട നദിയിൽ കടമ്പനാട് പഞ്ചായത്തിൽ അത്രപ്പള്ളിക്കടവിന് മുകൾഭാഗത്തും താഴ്ഭാഗത്തും വലതുകരയുടെ സംരക്ഷണം ഏറ്റെടുത്തു നടത്തുവാനുള്ള നടപടികൾ തുടർന്നു വരുന്നു.<br><u>പ്രളയക്കെടുതി</u> :- അച്ചൻകോവിൽ നദിയിൽ തുമ്പമൺ പഞ്ചായത്തിൽ താമരക്കുളം തോടിന്റെ താഴ്ഭാഗത്ത് ഇടതുകരയുടെ സംരക്ഷണം ഏറ്റെടുത്തു നടത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ